## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4344 — 21.03.2018-ൽ മറുപടി നൽകേണ്ടത്.

### <u>സിവിൽ സർവ്വീസിന്റെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സിവിൽ സർവ്വീസിനെക്കൊണ്ട് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ടോ; | (എ) യും (ബി) യും | സിവിൽ സർവ്വീസ് കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളിൽ വേഗത്തിൽ തീരുമാനമുണ്ടാക്കുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെയും MOP യിലെയും വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമാക്കുവാനും മൂന്ന് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കി വയ്ക്കാനും, പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ (E-Office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിത ഗതിയിലാക്കി വരുന്നു. |
| (ബി) | ഫയലുകൾ സമയബന്ധിതമായി തീരുമാനം എടുത്ത് തീർപ്പാക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | | |
| (സി) | സർക്കാർ തലത്തിൽ ജീവനക്കാരുടെ എണ്ണം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വർക്ക് സ്റ്റഡി നടത്തിയ ശേഷം മാത്രമെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ എന്ന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ.